"ഭരണഭാഷ മാതൃഭാഷ"

KSEB
കേരളത്തിന്റെ ഊർജ്ജം

150 YEARS OF CELEBRATING THE MAHATMA

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം


രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള

ടെലഫോൺ നമ്പർ: 0471 2514554

വെബ്സൈറ്റ്: www.kseb.in ഇമെയിൽ : safety@kseb.in CIN:U40100KL2011SGC027424


ഊർജ്ജ കേരള മിഷൻ

നമ്പർ:- സേഫ്റ്റി / സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് മിനിറ്റ്സ് / 2021-22 /61/ 10-06-2021

## 07.05.2021-ന് രാവിലെ 11.00 മണിക്ക് ഓൺലൈനായി (ഗൂഗിൾ മീറ്റ്) കൂടിയ സംസ്ഥാനതല സേഫ്റ്റി കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

പങ്കെടുത്തവർ:

1. ശ്രീമതി. മിനി ജോർജ്ജ് , ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
2. ശ്രീ. ശശാങ്കൻ നായർ. സി.എസ്, ചീഫ് സേഫ്റ്റി കമ്മിഷണർ
3. ശ്രീമതി.ഷീബ എബ്രഹാം, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.
4. ശ്രീ.പി.കെ.ശ്രീകുമാർ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ,ഡിസ്ട്രിബ്യൂഷൻ(സൗത്ത്)
5. ശ്രീ. ക്രിസ്റ്റി കെ. എബ്രഹാം , ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (സെൻട്രൽ)
6. ശ്രീമതി. ഭാഗ്യലക്ഷ്മി.എസ്., ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ (നോർത്ത്)
7. ശ്രീ. വിജു രാജൻ ജോൺ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ഡിസ്ട്രിബ്യൂഷൻ(നോർത്ത് മലബാർ)
8. ശ്രീ.പദ്മകുമാർ.ജി, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ,ട്രാൻസ്മിഷൻ (സൗത്ത്)
9. ശ്രീ. വി.വി.രാജീവ്, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ട്രാൻസ്മിഷൻ (നോർത്ത്)
10. ശ്രീ. നാരായണൻ. എം .കെ, ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ജനറേഷൻ
11. ശ്രീ. റാം മഹേഷ് ആർ, ചീഫ് പേഴ്സണൽ ഓഫീസർ
12. ശ്രീ. സജീവ് .ജി. (ജനറേഷൻ ഇലക്ട്രിക്കൽ & എസ്.സി.എം വിഭാഗം ഡയറക്ടറുടെ ടി.എ.)
13. ശ്രീ. സജീവ് ബി KSEBWA
14. ശ്രീ. നസീർ എം., UDEEF
15. ശ്രീ. പ്രതീപ്കുമാർ.എസ്.,UDEEF
16. ശ്രീ. എം.പി.ഗോപകുമാർ,KEWF
17. ശ്രീ. ഹരികുമാർ.ബി. , KSEBOA
18. ശ്രീ. അനന്തകൃഷ്ണൻ.എം.ജി , KEOF
19. ശ്രീ. സുജിത്ത്.കെ.ജെ.,KEOC
20. ശ്രീ. മുഹമ്മദ് റാഫി എം.,KSEBEA
21. ശ്രീ. അശോക് ഷെർലേകർ, KPBOF
22. ശ്രീമതി. മഞ്ജു എസ്.ദേവ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

23. ശ്രീമതി.ഷംല.എ, AEE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

24. ശ്രീ. അജയ് ശ്രീഹർഷൻ, AEE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

25. ശ്രീ. ബൈജു കെ.സി. , AE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

26. ശ്രീമതി. പ്രീത വി., AE, ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്

27. ശ്രീ. സന്തോഷ്കുമാർ, AE, ഇലക്ട്രിക്കൽ സെക്ഷൻ , അയ്യന്തോൾ

ചീഫ് സേഫ്റ്റി കമ്മീഷണറുടെ അധ്യക്ഷതയിൽ രാവിലെ 11 മണിക്ക് ഓൺലൈൻ പ്ലാറ്റ്ഫോമിൽ യോഗം ആരംഭിച്ചു . ചീഫ് സേഫ്റ്റി കമ്മീഷണർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ശ്രീമതി . മിനി ജോർജ്ജ് , ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി ) അവർകൾ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിന്റെ ഉത്ഘാടനം നിർവ്വഹിച്ചു .

കോവിഡ് മഹാമാരി രണ്ടാം തരംഗം കൂടുതൽ വ്യാപിച്ച് മൂന്നാം ഘട്ടത്തിലേക്ക് ഒരുങ്ങിനിൽക്കുന്ന ഭീതിതമായ അന്തരീക്ഷം ഏറെ ആശങ്കയുണ്ടാക്കുന്നുവെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ ആമുഖമായി അഭിപ്രായപ്പെട്ടു . പൊതുജനങ്ങളുമായി കൂടുതൽ ഇടപെടുന്ന കെഎസ്ഇബി ജീവനക്കാർ പ്രത്യേക കരുതൽ എടുക്കണമെന്നും , കോവിഡ് പ്രതിരോധനടപടികൾ കൈക്കൊള്ളുന്നതിന് മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യണമെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു .

തിരുവനന്തപുരം കവടിയാറിലെ ഒരു റസ്റ്റോറന്റിൽ ഉണ്ടായ തീപിടുത്തത്തിൽ അകപ്പെട്ടവരെ സമീപ പ്രദേശത്ത് ജോലിയിൽ ഏർപ്പെട്ടിരുന്ന ഏതാനും കെ.എസ്.ഇ.ബി. ജീവനക്കാരുടെ സമയോചിതമായ ഇടപെടലിനെത്തുടർന്ന് രക്ഷപെടുത്താൻ സാധിച്ചത് പ്രശംസനീയവും മാതൃകാപരവും ആണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അഭിപ്രായപ്പെട്ടു . മാതൃകാപരമായ പ്രസ്തുത പ്രവർത്തനം നടത്തിയ പേരൂർക്കട ഇലക്ട്രിക്കൽ സെക്ഷനിലെ ജീവനക്കാർക്ക് യോഗം അഭിനന്ദനം രേഖപ്പെടുത്തി .

വർക്ക് സൈറ്റ് വാട്സ്ആപ്പ് ഗ്രൂപ്പുകൾ തുടങ്ങുന്നത് ജീവനക്കാരിൽ ഏറെ സമ്മർദ്ദം സൃഷ്ടിക്കുമെന്ന് ചില സംഘടനാ പ്രതിനിധികൾ കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗിൽ അഭിപ്രായപ്പെട്ടിരുന്നു എന്നാൽ, ഇത്തരത്തിൽ വർക്ക് സൈറ്റ് വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ച സെക്ഷനുകളിൽ വർക്ക് സൈറ്റിലെ പ്രവർത്തനങ്ങൾ പങ്കുവയ്ക്കപ്പെടുന്നതിനാൽ സുരക്ഷാ പ്രശ്നങ്ങൾ ഏറെ പോസിറ്റീവായി ചർച്ച ചെയ്യപ്പെടുന്നു . അത് ഏറെ ഗുണകരമാണെന്നാണ് ഫീൽഡിൽ നിന്നും ലഭിച്ചിട്ടുള്ള വിവരം. വർക്ക് സൈറ്റിലെ വിവരങ്ങൾ വർക്ക് സൈറ്റ് വാട്സ്ആപ്പ് ഗ്രൂപ്പിൽ യഥാസമയം പങ്കുവച്ചിരുന്നെങ്കിൽ സമീപകാലത്ത് പട്ടാമ്പി , കല്ലിശ്ശേരി , തൂണേരി തുടങ്ങിയ സെക്ഷനുകളിൽ ഉണ്ടായ അപകടങ്ങൾ ഒഴിവാക്കാനാകുമായിരുന്നുവെന്ന് മനസ്സിലാക്കുന്നുവെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അഭിപ്രായപ്പെട്ടു .

കൺസ്യൂമർ വാട്സ്ആപ്പ് ഗ്രൂപ്പ് ഇതിനോടകം തന്നെ മിക്കവാറും എല്ലാ സെക്ഷനുകളിലും ആരംഭിച്ചിട്ടുണ്ട് . കൂടുതൽ സെക്ഷനുകളിലും ഇരുന്നൂറിലധികം അംഗങ്ങൾ ഇത്തരം ഗ്രൂപ്പുകളിൽ ഉണ്ട്. അത്തരം സെക്ഷനുകളിൽനിന്നെല്ലാം വളരെ തൃപ്തികരമായ പ്രതികരണമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത് . കുറെയേറെ സെക്ഷനുകളിൽ ഇപ്പോൾ ഫേസ്ബുക്ക് വഴിയും ഇത്തരം ഉപഭോക്തൃ സൗഹൃദ കൂട്ടായ്മകൾ ആരംഭിച്ചിട്ടുണ്ട് . അതും ഏറെ ഫലപ്രദമാണെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത് . ഫീൽഡിലെ പല അപകടസാഹചര്യങ്ങളും ഇത്തരം ഗ്രൂപ്പുകൾ വഴി നേരത്തെ തന്നെ മനസ്സിലാക്കാൻ കഴിയുന്നതിലൂടെ നിരവധി അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത് .

അടുത്ത മാസങ്ങളിലായി സേഫ്റ്റി ഇൻസ്പെക്ഷനുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട് . ഇത് അപകടം കുറയാൻ കാരണമായിട്ടുണ്ട് . സുരക്ഷ പാലിക്കാതെ ജോലികൾ ചെയ്യുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കുന്ന കാര്യത്തിൽ ഡെപ്യൂട്ടി

സേഫ്റ്റി കമ്മീഷണർമാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു .

സ്കൂൾ തലത്തിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കാലഘട്ടത്തിൽ സേഫ്റ്റി എന്ന വിഷയം കൂടി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതിന് വേണ്ടി സർക്കാരിലേക്ക് കത്ത് നൽകുന്നതിന് ആവശ്യമായ നോട്ട് ബോർഡിൽ സമർപ്പിക്കുന്നതാണ് . അപകടങ്ങൾ ഒഴിവാക്കുന്നതിനു സഹായിക്കുന്ന സുരക്ഷാ ടിപ്പുകൾ അടങ്ങിയ ലഘു വീഡിയോകൾ തയ്യാറാക്കി സുരക്ഷയ്ക്ക് മാത്രമായി ഒരു യൂട്യൂബ് ചാനൽ ഉടൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ് . പ്രാദേശിക വാർത്താ മാധ്യമങ്ങൾ വഴി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അഭ്യർത്ഥിച്ചു .

ഈ വർഷം ജൂൺ 26 മുതലുള്ള ഒരാഴ്ചക്കാലം സുരക്ഷാവാരമായി ആചരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും അറിയിച്ചിട്ടുണ്ട് . കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സോഷ്യൽമീഡിയ പ്രാദേശിക ചാനലുകൾ തുടങ്ങിയവ പരമാവധി ഉപയോഗപ്പെടുത്തി ഈ വർഷത്തെ സുരക്ഷാവാരം ആചരിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അഭ്യർത്ഥിച്ചു ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയെക്കൊണ്ട് സുരക്ഷാ സന്ദേശം നൽകുന്നതിനുവേണ്ടി ബോർഡ് നോട്ട് സമർപ്പിക്കുന്നതാണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

സുരക്ഷാ വാരത്തോടനുബന്ധിച്ച് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സുരക്ഷാ സന്ദേശം നൽകുന്നതിലും അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ ചീഫ് സേഫ്റ്റി കമ്മീഷണർ ആരാഞ്ഞു ഇതിൽ എല്ലാ അംഗങ്ങളും യോജിപ്പ് അറിയിച്ചു .

നിയമസഭ തെരഞ്ഞെടുപ്പ് കോവിഡ് മഹാമാരി തുടങ്ങിയവ കാരണം ഇപ്രാവശ്യത്തെ യോഗവും അല്പം താമസിച്ചു പോയതായി ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി ) അഭിപ്രായപ്പെട്ടു . മുൻ മാസങ്ങളിൽ ചീഫ് സേഫ്റ്റി കമ്മീഷണറും സുരക്ഷാ വിഭാഗവും സുരക്ഷാ പരിശോധനകൾ അടക്കം കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി കഴിഞ്ഞ മാസങ്ങളിൽ അപകടങ്ങൾ കുറഞ്ഞിട്ടുണ്ട് . സേഫ്റ്റി ഇൻസ്പെക്ഷനുകൾ നല്ല രീതിയിൽത്തന്നെ തുടരണമെന്നും ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി )നിർദ്ദേശിച്ചു .

പോസ്റ്റുകൾ ഒടിഞ്ഞുള്ള അപകടങ്ങളുണ്ടാകുന്നത് ഇപ്പോഴും തുടരുന്നതായി മനസ്സിലാക്കുന്നു . എന്നാൽ ഇതിൽ കൂടുതൽ പകടങ്ങളും ഉണ്ടാകുന്നത് പോസ്റ്റുകൾ ശരിയായ രീതിയിൽ സ്ഥാപിക്കാത്തതും , ശരിയായ രീതിയിൽ കണ്ടക്ടറുകൾ സ്ലിങ് ചെയ്യാത്തതും ആണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത് . ഇതിനായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഫീൽഡിൽ പരിശീലന പരിപാടികൾ നടത്തണമെന്ന് ഡയറക്ടർ(പ്ലാനിംഗ് & സേഫ്റ്റി ) നിർദ്ദേശിച്ചു.

സംസ്ഥാനത്ത് കൂടുതൽ കണ്ടെയ്ൻമെന്റ് സോണുകൾ ഉണ്ടായ സാഹചര്യത്തിൽ പലയിടങ്ങളിലും സമയബന്ധിതമായി ടച്ചിങ് എടുക്കുന്ന ജോലികൾ നടന്നിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ വിഷയത്തിൽ ചിലയിടങ്ങളിൽ ജീവനക്കാരെ പോലീസ് തടയാറുണ്ടെന്ന് അറിയുന്നു ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ മേലധികാരികൾ പോലീസുമായി ബന്ധപ്പെട്ട് പരിഹാരം കണ്ടെത്താൻ ശ്രമിക്കേണ്ടതുണ്ടെന്നും ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി ) അഭിപ്രായപ്പെട്ടു . ഇതിൽ ബോർഡ് തലത്തിൽ നിന്ന് ഇടപെടലുകൾ ആവശ്യമെങ്കിൽ അറിയിക്കേണ്ടതാണ് .

സ്കൂൾതലത്തിൽ സുരക്ഷ എന്ന വിഷയം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ സഹായം കൂടി തേടുന്നതു നന്നായിരിക്കുമെന്ന് ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി ) അഭിപ്രായപ്പെട്ടു . ഇപ്പോൾ സ്കൂൾ വിദ്യാർത്ഥികൾക്ക് നടന്നുവരുന്ന ഓൺലൈൻ ക്ലാസുകൾക്കിടയിൽ ഏതാനും നിമിഷങ്ങൾ സുരക്ഷാ സംബന്ധിയായ സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ അത് ഏറെ ഫലപ്രദമായിരിക്കുമെന്ന്

ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി )അഭിപ്രായപ്പെട്ടു . ഇതിന്മേൽ അംഗങ്ങൾക്കുള്ള അഭിപ്രായവും ഡയറക്ടർ ആരാഞ്ഞു.

ഈ നിർദ്ദേശത്തോട് എല്ലാ അംഗങ്ങളും യോജിപ്പ് അറിയിച്ചു .

പലപ്പോഴും ഇലക്ട്രിസിറ്റി വർക്കർമാർക്ക് ആണ് പോസ്റ്റിൽ ഇരുന്ന് ജോലിക്കിടയിൽ അപകടം ഉണ്ടായതായി കാണുന്നത് . ജോലിയിൽ ഇവർ എക്സ്പെർട്ട് ആയേക്കാമെങ്കിലും പരിശീലനം കുറവുള്ളതിനാൽ സേഫ്റ്റിയിൽ പലപ്പോഴും ഇവർ പിന്നിലായിരിക്കുമെന്നും ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി അഭിപ്രായപ്പെട്ടു . സുരക്ഷാ വാരവുമായി ബഹുമാനപ്പെട്ട് മുഖ്യമന്ത്രിയുടെ സന്ദേശം വളരെയേറെ ഗുണകരമായിരിക്കുമെന്ന് ഡയറക്ടർ(പ്ലാനിംഗ് & സേഫ്റ്റി ) അഭിപ്രായപ്പെട്ടു .

ഇനിയുള്ള നാളുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും സഹകരണം ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി )അഭ്യർത്ഥിച്ചു .

കഴിഞ്ഞ യോഗത്തിലെ തീരുമാനങ്ങളും അതിന്മേൽ കൈക്കൊണ്ട നടപടികളും ചീഫ് സേഫ്റ്റി കമ്മീഷണർ യോഗത്തിൽ അവതരിപ്പിച്ചു . ഓപ്പറേഷൻ ശുദ്ധി എന്ന കർമ്മപരിപാടി ഏറെ ഗുണം ചെയ്തെന്നും , അതിനാൽ ഓപ്പറേഷൻ ശുദ്ധിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചനയിൽ ഉണ്ടെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു .

മെച്ചപ്പെട്ട രീതിയിൽ ഗൂഗിൾ ഷീറ്റിൽ സിംഗിൾ ലൈൻ ഡയഗ്രാം ഒരുക്കിയ തൃശ്ശൂർ അയ്യന്തോൾ ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർ അതിനെക്കുറിച്ച് ഈ യോഗത്തിൽ വിശദീകരിക്കുമെന്ന് സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

നെറ്റ്‌വർക്കിന്റെ പ്രശ്നങ്ങൾ മൂലം ചില അംഗങ്ങൾക്ക് യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതായി മനസ്സിലാക്കുന്നുവെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു .

<u>ശ്രീമതി . ഷീബ എബ്രഹാം (അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ )</u>

കൊവിഡ് മഹാമാരി പ്രതിസന്ധിക്കിടയിലും ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഇങ്ങനെ മീറ്റിംഗ് സംഘടിപ്പിച്ചത് ഏറെ നന്നായി എന്ന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു . അപകടങ്ങൾ കുറയ്ക്കുക എന്നതിന് എത്രത്തോളം പ്രാധാന്യം നൽകുന്നു എന്നത് ഇതിൽനിന്ന് മനസ്സിലാക്കാം .

ഒരേതരം അപകടങ്ങൾ ആവർത്തിക്കുന്നതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കേണ്ടതുണ്ട് . മുകൾ തലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ താഴെത്തട്ടിൽ എത്താത്തതാണോ ഇങ്ങനെ അപകടങ്ങൾ ആവർത്തിക്കുന്നതിന് കാരണം എന്നും പരിശോധിക്കേണ്ടതുണ്ടെന്ന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു .

സ്കൂൾ സിലബസിൽ സുരക്ഷ എന്ന വിഷയം കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് ആലോചിച്ചിട്ടുള്ളതാണ് . കെ.എസ്.ഇ.ബി. ലിമിറ്റഡും ഈ വിഷയം പരിഗണിക്കുന്നതിനാൽ സംയുക്തമായി ചർച്ച ചെയ്യുന്നതാകും ഉചിതം. മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനത്തിൽ സുരക്ഷാ സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നത് വളരെ നല്ലതാണ് . ഇതിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഭാഗത്തുനിന്ന് എല്ലാവിധ സഹകരണങ്ങളും ഉണ്ടാകുമെന്നും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഉറപ്പുനൽകി .

<u>ശ്രീ. എബ്രഹാം ക്രിസ്റ്റി (ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ - സെൻട്രൽ )</u>

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ചും മറ്റ് പ്രവർത്തനങ്ങളെക്കുറിച്ചും യോഗത്തിൽ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ സെൻട്രൽ വിശദീകരിച്ചു .

സെൻട്രൽ മേഖലയിൽ ഉണ്ടായ അപകടങ്ങളിൽ പ്രധാനപ്പെട്ടത് കല്ലിശ്ശേരിയിൽ ഉണ്ടായതാണ് . അവിടെ അപകടമുണ്ടായ സൈറ്റിൽ ലൈൻ എ.ബി., ട്രാൻസ്ഫോർമർ എ.ബി., ടാപ്പ് ലൈൻ എ..ബി. എന്നിങ്ങനെ മൂന്ന് എ.ബി. സ്വിച്ചുകൾ ഒരേ സ്ട്രക്ച്ചറിൽ സ്ഥാപിച്ചിരുന്നു . ഇത് സുരക്ഷിതമല്ലാത്ത രീതിയാണ് . ഇതാണ് അപകടത്തിലേയ്ക്ക് നയിച്ചത് . ഇത്തരം സുരക്ഷിതമല്ലാത്ത സാഹചര്യങ്ങൾ ഉള്ളയിടങ്ങളിൽ അവ പരിഹരിക്കുന്നതിന്

നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ(ഡിസ്ട്രിബ്യൂഷൻ സെൻട്രൽ) അറിയിച്ചു.

സെൻട്രൽ മേഖലയിൽ മികച്ച രീതിയിൽ സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്താനായിട്ടുണ്ട് കഴിഞ്ഞ മാസങ്ങളിലുണ്ടായ അപകടങ്ങളിൽ ഒന്നും തന്നെ ജീവനക്കാർക്കെതിരെ റിപ്പോർട്ടുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല .അതിനാൽ ആർക്കുമെതിരെ ഇതുവരെ നടപടിയെടുത്തിട്ടില്ലയെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ(ഡിസ്ട്രിബ്യൂഷൻ സെൻട്രൽ) അറിയിച്ചു .

<u>ശ്രീമതി . ഭാഗ്യലക്ഷ്മി , (ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ - നോർത്ത് )</u>

കഴിഞ്ഞ യോഗത്തിനുശേഷം നോർത്ത് മേഖലയിലുണ്ടായ അപകടങ്ങളുടെ വിവരങ്ങൾ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത് ) വിശദീകരിച്ചു .

22 04.2021ൽ പട്ടാമ്പിയിൽ സമീപകാലത്ത് ട്രാൻസ്ഫർ ആയി വന്ന ഒരു സബ് എഞ്ചിനീയർ എ.ബി. സ്വിച്ച് മാറി ഓഫ് ചെയ്തതിനാൽ ട്രാൻസ്മിഷൻ ലൈൻ വർക്കുമായി ബന്ധപ്പെട്ട് ജോലി ചെയ്ത ഒരു കോൺട്രാക്ട് വർക്കർക്ക് ഷോക്കേറ്റ് അപകടമുണ്ടായ. മറ്റൊരു അപകടത്തിൽ പൊട്ടി വീണുകിടന്ന ലൈനിൽ ഓഫാക്കാതെ നേരിട്ട് പിടിച്ചതാണ് അപകടകാരണം

എല്ലാ സേഫ്റ്റി ഓഫീസർമാരും കൃത്യമായ വർക്ക് സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട് . മൂന്നാം മാസം പാലക്കാട് ചീഫ് സേഫ്റ്റി ഓഫീസർ റിട്ടയർ ചെയ്തു പോയി. അദ്ദേഹത്തിന്റെ ചാർജ് വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സ്മാർട്ട് സോഫ്റ്റ്‌വെയറിൽ റിപ്പോർട്ടുകൾ എന്റർ ചെയ്യാൻ സാധിക്കുന്നില്ല . പൊതുജന സുരക്ഷാ ബോധവൽക്കരണം റസിഡന്റ്സ് അസോസിയേഷൻ വഴിയും മറ്റും നടത്തിയിട്ടുണ്ട് . സുരക്ഷാ വാരവുമായി ബന്ധപ്പെട്ട ലഘുലേഖകളും നോട്ടീസുകളും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് ലഭ്യമായാൽ വിതരണം ചെയ്യാൻ സാധിക്കുമെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത് ) അറിയിച്ചു . ഏതെങ്കിലും സ്ഥലത്ത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി ELCB സ്ഥാപിക്കുന്നുണ്ടെങ്കിൽ അത് നോർത്ത് മേഖലയിലും ചെയ്യാവുന്നതാണ്.

തേനീച്ച കൃഷികൾ വ്യാപിപ്പിക്കുന്നത് വഴി ആനകളുടെയും മറ്റും ശല്യം ഒഴിവാക്കാൻ സാധിക്കുമെന്ന് ഒരു പത്രവാർത്ത കണ്ടിരുന്നു . അങ്ങനെ അനധികൃത ഇലക്ട്രിക് ഫെൻസിംഗുകൾ സ്ഥാപിക്കുന്നതും അതുവഴിയുള്ള അപകടങ്ങളും ഒരു പരിധി വരെ തടയാൻ കഴിയും എന്ന് മനസ്സിലാക്കുന്നു . ഇതിന്റെ സാധ്യത പരിശോധിക്കുന്നത് നന്നായിരിക്കും എന്ന് നോർത്ത് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത് ) അഭിപ്രായപ്പെട്ടു .

കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും സാനിറ്റൈസർ , ഹാൻഡ് വാഷ് തുടങ്ങിയ സംവിധാനങ്ങൾ എല്ലാം ഒരുക്കിയിട്ടുണ്ട് . കൂടാതെ എല്ലാ സെക്ഷൻ ഓഫീസുകളിലും ദൈനംദിനം എത്തുന്ന ആൾക്കാരുടെ പേരുവിവരങ്ങളും മറ്റും രേഖപ്പെടുത്തുന്നുണ്ട് . ദ്യുതിയുമായി ബന്ധപ്പെട്ട 30.04.2021-ലെ ബോർഡ് ഉത്തരവ് പ്രകാരം PMU വഴി ടെൻഡറിങ് പോലെയുള്ളവ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ നടപടിക്രമങ്ങൾ എളുപ്പമാക്കുകയും ജോലികൾ സ്റ്റാൻഡേർഡ് ആകുകയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാൻ സാധിക്കും . പ്രീ മൺസൂൺ മെയിന്റനൻസുമായി ബന്ധപ്പെട്ട LT ടച്ചിങ് ജോലികൾ മിക്കയിടത്തും പൂർത്തിയായിട്ടുണ്ട് , HT എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ നോർത്ത് മേഖല അറിയിച്ചു . വാട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചത് അപകടങ്ങൾ കുറയ്ക്കാൻ ഏറെ സഹായിച്ചിട്ടുണ്ട് . എന്നാൽ ജോലിത്തിരക്ക് കാരണം കൂടുതൽ അംഗങ്ങളെ വാട്സാപ്പ് ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തുന്നതിന് ഇതുവരെയും സാധിച്ചിട്ടില്ല എന്ന് നോർത്ത് ഡെപ്യൂട്ടി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ -നോർത്ത് ) അറിയിച്ചു .

ഇലക്ട്രിക് ഫെൻസിങ് നിരുത്സാഹപ്പെടുത്തുന്നതിനായി തേനീച്ചക്കൃഷിക്ക് കൂടുതൽ പ്രചാരം നൽകുന്നത് ഗുണകരമാണോ എന്ന് അറിയില്ല . ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണെന്നും അഡീഷണൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു .

ശ്രീ.പദ്മകുമാർ .ജി. (ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ,ട്രാൻസ്മിഷൻ - സൗത്ത് )

കഴിഞ്ഞമാസം ട്രാൻസ്മിഷൻ സൗത്ത് മേഖലയ്ക്ക് വേണ്ടി നടത്തിയ മീറ്റിംഗ് ഏറെ ഫലപ്രദമായിരുന്നു എന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ട്രാൻസ്മിഷൻ സൗത്ത് ത്ത് )അഭിപ്രായപ്പെട്ടു . കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ട്രാൻസ്മിഷൻ സൗത്ത് മേഖലയിൽ ഉണ്ടായ അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ വിശദീകരിച്ചു.

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ മീറ്റിങ്ങിനു ശേഷം അഞ്ച് അപകടങ്ങളാണ് ട്രാൻസ്മിഷൻ സൗത്ത് മേഖലയിൽ ഉണ്ടായിട്ടുള്ളത് .പൂവൻതുരുത്ത് സർക്കിളിനു കീഴിൽ പള്ളം ചെങ്കുളം ലൈനിനു താഴെയുള്ള വീട്ടിലെ ഒരാൾക്ക് GI പൈപ്പ് ഉയർത്തിയപ്പോൾ ഷോക്കേറ്റ് ഒരു അപകടം ഉണ്ടായി. ഇതുമായി ബന്ധപ്പെട്ട് ലൈനുകൾക്ക് താഴെ പുതിയ വീടുകൾ നിർമിക്കാൻ അനുമതി കൊടുക്കുമ്പോൾ തന്നെ അവർക്കുള്ള സുരക്ഷാ ബോധവൽക്കരണങ്ങൾ കൂടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് ലഭ്യമാക്കുന്നത് ഉചിതമാണെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ട്രാൻസ്മിഷൻ നോർത്ത് അഭിപ്രായപ്പെട്ടു

ആലപ്പുഴയിൽ ലൈനിന് സമീപമുള്ള മരം മുറിക്കുന്നതിനിടെ തെന്നി വീണ് ഒരാൾക്ക് അപകടം ഉണ്ടായി. മറ്റൊരു അപകടത്തിൽ ആലപ്പുഴ ഇടപ്പോൺ - മാവേലിക്കര ലൈനിൽ ഇൻസുലേറ്റർ മാറ്റുന്നതിനിടെ പൊട്ടിയ ഇൻസുലേറ്റർ തട്ടി മുറിവുണ്ടായി. ശബരിഗിരി - അമ്പലമുകൾ ലൈനിൽ കോമ്പോസിറ്റ് ഇൻസുലേറ്റർ സ്ഥാപിക്കുന്നതിനിടെ തെന്നി വീണ് ഒരാളുടെ എല്ലുകൾ ഒടിഞ്ഞ അപകടവും ഉണ്ടായി.

നിർദിഷ്ട എണ്ണം സേഫ്റ്റി ഇൻസ്പെക്ഷനുകൾ ട്രാൻസ്മിഷൻ സൗത്ത് മേഖലയിൽ ഇതിനകം നടത്തിയിട്ടുണ്ട് . ട്രാൻസ്മിഷൻ സൗത്ത് മേഖലയിലുള്ള എല്ലാ സബ്സ്റ്റേഷനുകളിലും മറ്റു പ്രവർത്തനങ്ങളിലും കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ അറിയിച്ചു.

ട്രാൻസ്മിഷൻ ലൈനുകൾക്ക് താഴെ കെട്ടിടം പണിയുന്നതിന് കെ.എസ്.ഇ.ബി.യുടെ ക്ലിയറൻസ് ഡ്രോയിങ് അനുസരിച്ചാണ് ഇപ്പോൾ അനുമതി നൽകി വരുന്നതെന്നും പിന്നീട് ഇതിന്മേൽ സർക്കാരിൽ നിന്നും റാറ്റിഫിക്കേഷൻ വാങ്ങാറുണ്ട് എന്നും അഡീഷണൽ ചീഫ് ഇൻസ്പെക്ടർ അറിയിച്ചു . ലൈനിന് താഴെ നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യുന്നതിന് അനുമതി നൽകുമ്പോൾ അതുമായി ബന്ധപ്പെട്ട കണ്ടീഷൻസ് വായിച്ചും ലൈൻ ക്ലിയറൻസ് പാലിച്ചും മാത്രം പിന്നീടുള്ള കാര്യങ്ങൾ ചെയ്യണം എന്നാണ് പറഞ്ഞിട്ടുള്ളത് . ഇങ്ങനെയുള്ള കെട്ടിട ഉടമകൾക്ക് അനുമതി നൽകുന്ന അവസരത്തിൽ ബോധവത്ക്കരണ ലഘുലേഖകൾ കൂടി ലഭ്യമാക്കുന്നത് ആലോചിക്കാവുന്നതാണെന്നും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മറുപടിയായി അറിയിച്ചു . റസിഡൻഷ്യൽ അസോസിയേഷനുകൾ വഴിയും കുടുംബശ്രീ വഴിയും ഇപ്പോൾ സുരക്ഷാ ലഘുലേഖകൾ വിതരണം ചെയ്യുന്നുണ്ടെന്നും അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു .

ലൈനുകൾക്ക് താഴെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നൽകുമ്പോൾ ഉള്ള നിബന്ധനകൾ നിലവിൽ ഇംഗ്ലീഷിലാണ് . അതിനൊപ്പം മലയാളത്തിൽ കൂടി നിബന്ധനകൾ പ്രിന്റ് ചെയ്തു കൊടുത്താൽ അത് എല്ലാവർക്കും മനസ്സിലാക്കാൻ എളുപ്പമായിരിക്കുമെന്ന് ഡയറക്ടർ പ്ലാനിങ് ആൻഡ് സേഫ്റ്റി അഭിപ്രായപ്പെട്ടു . ഇതിനോട് ചേർത്ത് പ്രധാനപ്പെട്ട സേഫ്റ്റി ടിപ്സ് കൂടി നൽകുന്നത് ഏറെ ഗുണപ്രദം ആകുമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അഭിപ്രായപ്പെട്ടു . ഈ നിർദ്ദേശങ്ങൾ എല്ലാം ആലോചിക്കാവുന്നതാണ് എന്ന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മറുപടി നൽകി.

ശ്രീ. വിജു രാജൻ ജോൺ (ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ - നോർത്ത് മലബാർ )

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത് മലബാർ ) വിശദീകരിച്ചു .

കഴിഞ്ഞ മാസങ്ങളിൽ നോർത്ത് മലബാർ മേഖലയിൽ 21 അപകടങ്ങളാണ് ഉണ്ടായിട്ടുള്ളത് .

ലോഹത്തോട്ടി /ഏണി ഉപയോഗിച്ച് കാർഷിക ഫലങ്ങൾ പറിക്കാൻ ശ്രമിക്കുമ്പോഴും , പൊട്ടിക്കിടന്ന ലൈനിൽ സ്പർശിച്ചും , സൂപ്പർവൈസർ എത്തും മുമ്പുതന്നെ ജീവനക്കാർ ജോലി ചെയ്യാൻ ശ്രമിച്ചതും ഒക്കെയാണ് ടി അപകടങ്ങൾ ഉണ്ടായതിന് പ്രധാന കാരണങ്ങൾ.

ഡിസ്ട്രിബ്യൂഷൻ ബോക്സിൽ ഫ്ലാഷ് ഉണ്ടായും അപകടം സംഭവിച്ചിട്ടുണ്ട് . ഇത് പലതവണ ആവർത്തിച്ചതിനാൽ ഡിസ്ട്രിബ്യൂഷൻ ബോക്സ് നൽകുന്ന സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ - നോർത്ത് മലബാർ ) അറിയിച്ചു.

എല്ലാ അപകടങ്ങളുടെയും അന്വേഷണ റിപ്പോർട്ട് കിട്ടിയ ശേഷം ഉത്തരവാദികളായവർക്കെതിരെ നടപടികൾ കൈക്കൊള്ളുന്നതാണെന്നും ഡെപ്യൂട്ടി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ അറിയിച്ചു .

സേഫ്റ്റി ഇൻസ്പെക്ഷനുകൾ കൃത്യമായിത്തന്നെ നടത്തിയിട്ടുണ്ടെന്നും , പൊതുജന സുരക്ഷാ ബോധവൽക്കരണത്തിന് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നോട്ടീസുകളും മറ്റും വിതരണം ചെയ്തിട്ടുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ അറിയിച്ചു . 7/2020 ൽ ഉണ്ടായ അപകടത്തിൽപ്പെട്ട സുരേഷ് എന്നയാൾക്ക് 14 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുത്തിട്ടുണ്ട്. നോർത്ത് മലബാർ മേഖലയിലെ എല്ലാ ഓഫീസുകളിലും കോവിഡ് പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ ഡിസ്ട്രിബ്യൂഷൻ നോർത്ത് മലബാർ അറിയിച്ചു

<u>ശ്രീ. വി.വി.രാജീവ് (ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ട്രാൻസ്മിഷൻ - നോർത്ത് )</u>

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ട്രാൻസ്മിഷൻ നോർത്ത് മേഖലയിലുണ്ടായ അപകടങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ വിശദീകരിച്ചു .

പട്ടാമ്പിയിൽ ട്രാൻസ്മിഷൻ ലൈൻ ജോലിക്കിടെ ഷോക്കേറ്റ് അപകടമുണ്ടായ സംഭവത്തിൽ കോൺട്രാക്ട് ജീവനക്കാരൻ സുഖം പ്രാപിച്ചുവരുന്നു .

ട്രാൻസ്മിഷൻ നോർത്ത് മേഖലയിൽ നിർദിഷ്ട രീതിയിൽ തന്നെ സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ട്. പ്രീമൺസൂൺ മെയിന്റനൻസിന് ആവശ്യമായ വർക്ക് ഷെഡ്യൂൾ ഇതിനകം തന്നെ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും ട്രാൻസ്മിഷൻ നോർത്ത് മേഖലയിൽ ആവശ്യമായ സേഫ്റ്റി എക്യുമെന്റ് ഉണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ അറിയിച്ചു

പട്ടാമ്പി അപകടത്തിൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്മിഷൻ വിഭാഗങ്ങൾക്ക് വീഴ്ച പറ്റിയിട്ടുള്ളതായി മനസ്സിലാക്കുന്നുവെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു . ബന്ധപ്പെട്ടവർ ഇത് വിശദമായി പരിശോധിച്ച് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കണമെന്നും , ഇത്തരത്തിലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളണമെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ നിർദേശിച്ചു

<u>ശ്രീ. നാരായണൻ എം.കെ. (ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ - ജനറേഷൻ )</u>

കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം ഉണ്ടായ അപകടങ്ങളെക്കുറിച്ച് ജനറേഷൻ വിഭാഗം ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ വിശദീകരിച്ചു .

മൂലമറ്റം പവർഹൗസിൽ നാലാം നമ്പർ ജനറേറ്ററിന്റെ ഐസൊലേറ്റർ ഓപ്പൺ ആയിപ്പോയി . സാങ്കേതിക തകരാർ മൂലം ആണ് ഇത് സംഭവിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നു . ഇതുമായി ബന്ധപ്പെട്ട് അത്യാഹിതങ്ങൾ ഒന്നും സംഭവിച്ചില്ല . ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നുണ്ട് .

നിലവിൽ ഒരു അപകടമുണ്ടായാൽ പവർഹൗസ് occupier-ക്ക് എതിരെ കേസെടുക്കുന്ന രീതിയാണുള്ളതെന്ന് ഇടമലയാർ കേസ് ഉദാഹരണമായി സൂചിപ്പിച്ചുകൊണ്ട് ജനറേഷൻ വിഭാഗം ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ) അറിയിച്ചു. ഇതിന് എന്തെങ്കിലും പരിഹാരം ആലോചിക്കണം എന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ) അഭിപ്രായപ്പെട്ടു . ഈ വിഷയം പ്രത്യേകമായി പിന്നീട് പരിഗണിക്കാമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു .

നിർദ്ദിഷ്ട രീതിയിൽ ജനറേഷൻ വിഭാഗത്തിൽ സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ടെന്നും ആവശ്യമുള്ള സുരക്ഷാ ഉപകരണങ്ങൾ നിലവിലുണ്ടെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ജനറേഷൻ ) അറിയിച്ചു .

എല്ലാ ഓഫീസുകളും കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് പ്രവർത്തിക്കുന്നതെന്നും . സേഫ്റ്റി ക്ലാസുകൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചു നടത്തിയിട്ടുണ്ടെന്നും . ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ അറിയിച്ചു. ജനറേഷൻ വിഭാഗത്തിനായി തയ്യാറാക്കുന്ന സേഫ്റ്റി മാനുവലിൽ ആവശ്യമായി വന്ന തിരുത്തലുകൾ നടത്തി കഴിഞ്ഞിട്ടുണ്ട്. അവ ഉടൻ തന്നെ ചീഫ് സേഫ്റ്റി കമ്മീഷണർക്ക് അയച്ചു നൽകുന്നതാണെന്ന് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണ(ജനറേഷൻ ) അറിയിച്ചു.

ശ്രീ. ശ്രീകുമാർ .പി.കെ .(ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ , ഡിസ്ട്രിബ്യൂഷൻ - സൗത്ത് )

കോവിഡ് ബാധിതനായിരുന്നതിനാൽ മീറ്റിംഗിലേയ്ക്ക് ആവശ്യമുള്ള സംക്ഷിപ്തവിവരങ്ങൾ തയ്യാറാക്കുവാൻ സാധിച്ചിട്ടില്ലായെന്നും , എത്രയും പെട്ടെന്ന് തന്നെ അവ തയ്യാറാക്കി ചീഫ് സേഫ്റ്റി കമ്മീഷണർക്ക് സമർപ്പിക്കാമെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ -സൗത്ത് ) അറിയിച്ചു .

മറ്റു വിഷയങ്ങളിൽ മറ്റുള്ള മേഖലകളിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാരുടെ അഭിപ്രായം തന്നെയാണ് ഉള്ളതെന്നും ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ (ഡിസ്ട്രിബ്യൂഷൻ - സൗത്ത് )അറിയിച്ചു .

ശ്രീ. റാം മഹേഷ് .ആർ (ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ അധികച്ചുമതലയുള്ള ചീഫ് പേഴ്സണൽ ഓഫീസർ )

അപകടങ്ങൾ കുറയ്ക്കുക എന്നതിനേക്കാൾ അപകടങ്ങൾ പൂജ്യം ആക്കുക എന്ന നിലയിലായിരിക്കണം ചിന്തിക്കേണ്ടതെന്നാണ അപകട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള ഓഫീസർ എന്ന നിലയിൽ തന്റെ അഭിപ്രായമെന്ന് ചീഫ് പേഴ്സണൽ ഓഫീസർ അറ.യിച്ചു

അപകടങ്ങളിൽ ചെന്ന് പെടാതിരിക്കുന്നതിന് നിരന്തരം ഫീൽഡ് ജീവനക്കാർക്ക് നിർദ്ദേശം നൽകിക്കൊണ്ടിരിക്കണം . കഴിഞ്ഞ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിങ്ങിനു ശേഷം66 അപകടങ്ങൾ ഉണ്ടായിട്ടുണ്ട് . ഇതിൽ പൊതുജനങ്ങൾക്ക് ഉണ്ടായ അപകടങ്ങളുടെ നഷ്ടപരിഹാരമായി 41 ലക്ഷം രൂപയും കരാർ ജീവനക്കാർക്കുണ്ടായ നഷ്ടപരിഹാരമായി 45 ലക്ഷം രൂപയോളവും ഇതിനകം നൽകിയിട്ടുണ്ട്. അപകട നഷ്ടപരിഹാരത്തുകയായി ഇത്രയധികം സാമ്പത്തിക ബാധ്യത വരുന്നത് ഒഴിവാക്കാൻ അപകടങ്ങൾ തീർത്തും ഇല്ലാത്ത അവസ്ഥയിലേക്ക് എത്തിക്കുന്നതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ടെന്നും ചീഫ് പേഴ്സണൽ ഓഫീസർ അഭിപ്രായപ്പെട്ടു .

തിരുവല്ലയിൽ കേബിൾ ടി.വി. ജീവനക്കാരന് ഉണ്ടായ അപകടത്തിൽ രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരത്തുകയായി അനുവദിച്ചു . സാന്ത്വനം പദ്ധതിയിൽപ്പെടുത്തി വീണ്ടും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന് അപേക്ഷ വന്നിട്ടുണ്ട് . ഈ അപകടവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ റിപ്പോർട്ട് ലഭിച്ചതിൽ സൂപ്പർവൈസർ ഇല്ലാതെ ജോലി ചെയ്തു എന്നാണ് കാണിച്ചിട്ടുള്ളത്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നിലവിലുള്ള റിപ്പോർട്ടനുസരിച്ച് കൂടുതൽ നഷ്ടപരിഹാരത്തുക അനുവദിക്കാൻ സാധിക്കില്ല. എന്നാൽ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത ഉണ്ടായാൽ അത് പരിശോധിച്ച് നടപടികളെടുക്കാൻ സാധിക്കുമെന്നും ചീഫ് പേഴ്സണൽ ഓഫീസർ അഭിപ്രായപ്പെട്ടു .

2019-ൽ ഒരു ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് ഇപ്പോൾ റിവൈസ് ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഈ വിഷയത്തിൽ അറിയിച്ചു.

ശ്രീ. സജീവ് .ജി. (ജനറേഷൻ ഇലക്ട്രിക്കൽ & എസ്.സി.എം വിഭാഗം ഡയറക്ടറുടെ ടി.എ.)

PSC പോളുകളുടെ കാസ്റ്റിംഗ് യാർഡിൽ കെ.എസ്.ഇ.ബി.ലിമിറ്റഡിലെ സിവിൽ വിഭാഗം സൂപ്പർവൈസർമാരുടെ പരിശോധന നടത്തുന്നതിനുള്ള നടപടി എടുത്തിട്ടുണ്ട. അതുവഴി

പോസ്റ്റുകളുടെ ഗുണനിലവാരക്കുറവ് പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ജനറേഷൻ ഇലക്ട്രിക്കൽ & എസ്.സി.എം. വിഭാഗം ഡയറക്ടറുടെ ടി.എ. അറിയിച്ചു.

ശ്രീ. സജീവ് ബി.( KSEBWA)

കോവിഡ് പ്രതിസന്ധിക്കിടയിലും ഇത്തരത്തിൽ ഓൺലൈൻ മീറ്റിംഗ് വിളിച്ച് ചേർത്തതിൽ ഏറെ സന്തോഷമുണ്ടെന്ന് KSEBWA പ്രതിനിധി ശ്രീ. സജീവ് ബി. അറിയിച്ചു. എന്നാൽ, ഈ മീറ്റിങ്ങിന് ഇത്രയും കാലതാമസം ഉണ്ടാകാതെ ഇനിമുതൽ ശ്രദ്ധിക്കണമെന്നും KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു. ഈ കാലതാമസം അപകടങ്ങൾ ഗണ്യമായി കുറയാതിരിക്കാൻ ഒരു കാരണമാണ്.

സേഫ്റ്റി ഇൻസ്പെക്ഷനുകൾ ഇനിയും കൂട്ടണമെന്നാണ് ഇപ്പോഴത്തെ റിപ്പോർട്ടുകളുടെ ഫലങ്ങൾ സൂചിപ്പിക്കുന്നത്. ഉണ്ടായിട്ടുള്ള അപകട റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ സേഫ്റ്റി പ്രൊസീജിയർ പാലിക്കുന്നതിൽ പലപ്പോഴും ജീവനക്കാർ വീഴ്ചവരുത്തിയിട്ടുള്ളതായി മനസിലാക്കുന്നു. കൂടുതൽപേരും സേഫ്റ്റി കിറ്റ് ഇപ്പോൾ ഉപയോഗിക്കുന്നില്ല എന്നാണ് മനസ്സിലാക്കുന്നത്. ഇടക്കാലത്ത് ഉണ്ടായിരുന്ന ആ നല്ല സുരക്ഷാസംസ്കാരത്തിലേയ്ക്ക് ജീവനക്കാരെ തിരികെ കൊണ്ടുവരേണ്ടതാണ്. ഈ മീറ്റിങ്ങിന്റെ രീതിയിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ സെക്ഷൻ തലത്തിലും മീറ്റിങ്ങുകൾ നടത്തി സുരക്ഷാ കാര്യങ്ങൾ ജീവനക്കാരെ അറിയിക്കണമെന്നും പ്രതിനിധി അഭിപ്രായപ്പെ. പ്രീമൺസൂൺ വർക്ക, കോവിഡ് മഹാമാരി മുതലായവ കാരണം വളരെ വലിയ സമ്മർദ്ദം ഇപ്പോൾ ജീവനക്കാരിൽ ഉണ്ട്. ഈ സാഹചര്യത്തിൽ നല്ല രീതിയിൽ സേഫ്റ്റി പാലിക്കുന്നതിന് മുകൾ തലത്തിൽ നിന്നും ജീവനക്കാർക്ക് ധാർമ്മികമായ പിന്തുണ കൊടുക്കേണ്ടതുണ്ട്. ഗൗതം എന്ന നിർമ്മാതാവിന്റെ പോസ്റ്റുകൾ ഇപ്പോഴും ഗുണനിലവാരക്കുറവാണെന്നാണ് ഫീൽഡിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടെന്നും KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു.

സുരക്ഷ എന്ന വിഷയം സ്കൂൾ സിലബസിൽ ഉൾപ്പെടുത്തുന്നതും, സുരക്ഷയ്ക്ക് മാത്രമായി യൂട്യൂബ് ചാനൽ തുടങ്ങുന്നതും നല്ലതാണെന്ന് KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു. കുട്ടികൾക്കുള്ള ഓൺലൈൻ ക്ലാസ്സിനിടയിൽ സുരക്ഷാ ടിപ്സുകൾ ചേർക്കുന്നതും നല്ലതാണെന്നും, വിക്ടേഴ്സ് ചാനലിലൂടെയും സുരക്ഷാ സന്ദേശങ്ങൾ നൽകുന്നത് ഏറെ ഗുണകരമാണെന്നും KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു.

സുരക്ഷാ വാരത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനത്തിൽ സുരക്ഷാ സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നതും സാമൂഹ്യമാധ്യമങ്ങൾ വഴി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതും നല്ലതാണെന്നും KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു.

കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് എല്ലാ ജീവനക്കാർക്കും സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഭാഗത്തുനിന്ന് കൂടി ഇടപെടലുകൾ ഉണ്ടാവണമെന്നും KSEBWA പ്രതിനിധി അഭിപ്രായപ്പെട്ടു.

സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്തുമ്പോൾ ഫീൽഡ് ജീവനക്കാർ സേഫ്റ്റി കിറ്റുകൾ ഉപയോഗിക്കുന്നില്ലെങ്കിൽ പരിശോധിക്കുന്നയാൾ അത് റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നും ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു.

സെക്ഷൻ തലത്തിൽ ഇപ്പോൾത്തന്നെ പലയിടത്തും ഓൺലൈൻ മീറ്റിങ്ങുകൾ സംഘടിപ്പിക്കുന്നുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു. കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് സമയബന്ധിതമായി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ചെയർമാൻ സർക്കാരിൽ കത്ത് നൽകിയിട്ടുണ്ട്, ഇതുകൂടാതെ അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ കളക്ടർ തലത്തിൽ കൂടി ഇടപെടുന്നത് നല്ലതാണ്. ചീഫ് സേഫ്റ്റി കമ്മീഷണറും ഈ വിഷയത്തിൽ ഇടപെടുന്നതാണ്.

ഗൗതം എന്ന കമ്പനിയുടെ പോസ്റ്റുകളുടെ ഗുണനിലവാരം സംബന്ധിച്ച വിഷയം SCM വിഭാഗം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ മറുപടിയായി അറിയിച്ചു.

വിക്ടേഴ്സ് ചാനൽ വഴി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന കാര്യം ചീഫ് പേഴ്സണൽ

ഓഫീസറുമായി ആലോചിച്ച് തീരുമാനം എടുക്കുന്നതാണെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു .

ശ്രീ. എം.പി.ഗോപകുമാർ (KEWF)

അല്പം താമസിച്ചുപോയെങ്കിലും എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി കോവിഡ് സാഹചര്യത്തിൽ ഇത്തരത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് സംഘടിപ്പിച്ചതിൽ സന്തോഷമുണ്ടെന്ന് KEWF പ്രതിനിധി ശ്രീ. എം.പി.ഗോപകുമാർ അഭിപ്രായപ്പെട്ടു . നിലവിൽ നമ്മുടെ നിരവധി ജീവനക്കാർക്ക് കൊവിഡ് ബാധിച്ചിട്ടുണ്ട് . ഇതുമൂലം മാനവവിഭവശേഷിയിൽ കുറവുണ്ട് . എന്നാൽ ജോലിയിൽ കാര്യമായ കുറവില്ലായെന്നും KEWF പ്രതിനിധി അഭിപ്രായപ്പെട്ടു . ഇതും, കടുത്ത വേനൽ, വേനൽ മഴ എന്നിവയും നിമിത്തം ഇപ്പോൾ ജീവനക്കാർക്ക് മാനസിക സമ്മർദ്ദം കൂടുതലാണ് . ഇതിന്റെ ഇടയിൽ സേഫ്റ്റി പാലിച്ചുകൊണ്ട് ജോലിചെയ്യാൻ പ്രേരകമാകുന്ന വിധത്തിൽ ഉന്നത തലത്തിൽ നിന്ന് ആവശ്യമായ സപ്പോർട്ട് ഉണ്ടാകേണ്ടതുണ്ട് . അപകടങ്ങൾ ഉണ്ടാകുമ്പോൾ താഴെത്തട്ടിൽ നടപടികൾ കൈക്കൊള്ളണം എന്നത് പക്ഷാഭേദമായി മാറരുതെന്നും KEWF പ്രതിനിധി അഭിപ്രായപ്പെട്ടു .

വാട്സാപ്പ് ഗ്രൂപ്പുകൾ , ഫേസ്ബുക്ക് ഗ്രൂപ്പുകൾ തുടങ്ങിയവ നിയമാനുസൃതമായി കേന്ദ്രീകൃത സംവിധാനത്തിൽ ഒരുക്കണം . അല്ലാത്തപക്ഷം ഭാവിയിൽ പ്രശ്ന സാധ്യതയുണ്ടെന്നും KEWF പ്രതിനിധി അഭിപ്രായപ്പെട്ടു .

ശ്രീ. ഹരികുമാർ .ബി.(KSEBOA)

കോവിഡ് സാഹചര്യത്തിൽ സ്റ്റേറ്റ് l ലെവൽ സേഫ്റ്റി മീറ്റിംഗ് ഓൺലൈനായി നടത്തുന്നതിൽ സന്തോഷമുണ്ടെന്ന് KSEBOA പ്രതിനിധി ശ്രീ. ഹരികുമാർ .ബി. അറിയിച്ചു . സ്റ്റേറ്റ് ലെവൽ സൈറ്റ് മീറ്റിങ്ങുകൾ വിവിധ കാരണങ്ങളാൽ ഓരോ പ്രാവശ്യവും കാലതാമസം നേരിടുന്നത് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടെന്നും KSEBOA പ്രതിനിധി അറിയിച്ചു .

കോവിഡ് പ്രതിസന്ധിയോടൊപ്പം , വേനൽ മഴ, പ്രീമൺസൂൺ മെയിന്റനൻസ് , നിലാവ് പദ്ധതി, സോളാർ പദ്ധതി തുടങ്ങിയവയെല്ലാം കൂടി ഫീൽഡ് ഓഫീസുകളിൽ വളരെ സമ്മർദ്ദം ആണുള്ളത് . സമീപകാലത്തുണ്ടായ അപകടങ്ങളിൽ ഇത്തരം സമ്മർദ്ദങ്ങളാൽ സേഫ്റ്റി പ്രൊസീജിയർ അനുസരിച്ച് ശരിയായ രീതിയിൽ എർത്തിംഗ് ഉൾപ്പെടെയുള്ളവ പാലിച്ചിരുന്നോയെന്ന് സംശയമുണ്ട്

ഫീൽഡിൽനിന്ന് സേഫ്റ്റി ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ നൽകുമ്പോൾ , അവിടെ ശരിയായ രീതിയിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടാണോ നൽകുന്നതെന്ന കാര്യം പരിശോധിക്കേണ്ടതുണ്ട് കെ.എസ്.ഇ.ബി.ലിമിറ്റഡിലെ എല്ലാ ഉദ്യോഗസ്ഥർക്കും കോവിഡ് പ്രതിരോധ കുത്തിവയ്പ് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ബോർഡ് തലത്തിൽ ഇടപെടൽ ഉണ്ടാകണമെന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു .

ജൂൺ മാസം അവസാനത്തോടുകൂടി കോവിഡ് മൂന്നാം തരംഗത്തിന് സാധ്യതയുണ്ടെന്ന് പറയപ്പെടുന്നു . ഈ സാഹചര്യത്തിൽ സുരക്ഷാ വാരവുമായി ബന്ധപ്പെട്ട് വാഹന പ്രചരണം പോലെയുള്ള പരിപാടികൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട് . അതിനാൽ ഈ വർഷം സുരക്ഷാവാരം എന്നുള്ളതിന് പകരം സുരക്ഷാദിനം എന്ന പേരിലേക്ക് ചുരുക്കുന്നത് നന്നായിരിക്കും . സോഷ്യൽ മീഡിയ വഴിയുള്ള സന്ദേശ പ്രചരണം ആയിരിക്കും കൂടുതൽ നല്ലത് . സോഷ്യൽ മീഡിയയിലൂടെയാകുമ്പോൾ പൊതുജനങ്ങളുടെ പ്രതികരണം വേഗത്തിൽ അറിയാൻ സാധിക്കുമെന്നും പ്രതിനിധി അഭിപ്രായപ്പെട്ടു .

വർക്ക് സൈറ്റ് വാട്സ്ആപ്പ് ഗ്രൂപ്പിൽ ഫോട്ടോകൾ ഇടുകയും അത് അപ്പപ്പോൾ തന്നെ മേലുദ്യോഗസ്ഥൻ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്യുന്നതിന് നിലവിൽ ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നാണ് ഫീൽഡിൽ നിന്നുള്ള റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നത് . വാട്ട്സ്ആപ്പ് എന്നത് ചെറിയ ഗ്രൂപ്പാണ് . എന്നാൽ ഫേസ്ബുക്ക് വളരെ വലിയ ഒരു ക്യാൻവാസ് ആണ്. അതിനാൽ കേന്ദ്രീകൃതമായി സന്ദേശങ്ങൾ

കെ.എസ്.ഇ.ബ്.ലിമിറ്റഡിന്റെ അല്ലെങ്കിൽ സേഫ്റ്റി വിഭാഗത്തിന്റെ ഫേസ്ബുക്ക് ഗ്രൂപ്പ് ഒരുക്കി അതിലൂടെ സുരക്ഷാ സന്ദേശങ്ങളും മറ്റു വിവരങ്ങളും പൊതുജനങ്ങൾക്ക് പങ്കുവയ്ക്കുന്നതാകും ഉചിതം അതിനാൽ സാമൂഹ്യമാധ്യമ വിഷയത്തിൽ ഒരു പുനർവിചിന്തനം ആമാണെന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു .

2019 മുതൽ പലതവണ സംഘടന ആവശ്യപ്പെട്ടിട്ടുള്ള ഒന്നാണ് സേഫ്റ്റി പ്രൊസീജിയറിലെ അപാകതകൾ പരിഹരിക്കുക എന്ന വിഷയം. ഈ വിഷയം പരിശോധിക്കുന്നതിന് ഡിസ്ട്രിബ്യൂഷൻ കോർ കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ബോർഡ് ഉത്തരവുമുണ്ട് . സേഫ്റ്റി പ്രൊസീജിയറിന്റെ കാര്യത്തിൽ താഴെത്തട്ടിലും ഒട്ടേറെ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നുവെന്നാണ് മനസ്സിലാക്കുന്നതെന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു .

CEA റെഗുലേഷൻ പ്രകാരമുള്ള കോൺട്രാക്ടർ ലൈസൻസ് എന്ന വിഷയത്തിൽ കാലാവധി നീട്ടികിട്ടുന്നതിനായി . സർക്കാരിൽ കത്ത് സമർപ്പിച്ചിട്ട് 8 മാസത്തിലേറെയായി . അത് തീരുമാനമാകാതെ അവിടെത്തന്നെ ഇരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത് . അതിനാൽ ഈ വിഷയത്തിൽ ഉന്നതതല ഇടപെടലുകളുണ്ടാകണം . 2017-2020 കാലങ്ങളിൽ ഉണ്ടായ അപകടങ്ങളുമായി ബന്ധപ്പെട്ട് ചില ഓഫീസർമാർ കേസുകളിൽപ്പെട്ടിട്ടുണ്ട് . അതിനാൽ കോൺട്രാക്ടർ ലൈസൻസ് വിഷയത്തിൽ മുൻകാലപ്രാബല്യത്തോടെ ഇളവു ലഭിക്കുന്നതിനാണ് ശ്രമിക്കേണ്ടതെന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു .

കഴിഞ്ഞ രണ്ടു വർഷക്കാലത്തിനിടയിൽ സൂപ്പർവൈസറി വിഭാഗങ്ങളിലുള്ള നിരവധി ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട് . എന്നാൽ കോവിഡ് സാഹചര്യമായതിനാൽ ഇക്കൂട്ടർക്ക് മതിയായ പരിശീലനം ലഭ്യമാക്കിയിട്ടില്ല എന്നാണ് മനസ്സിലാകുന. ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കേണ്ടത് ആവശ്യമാണെന്നKSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു .

കോവിഡ് സാഹചര്യം ആയതിനാൽ സബ് സ്റ്റേഷനുകളിലും , ജനറേറ്റിംഗ് സ്റ്റേഷനുകളിലും ഉള്ള ഫയർ എക്സ്റ്റിംഗ്വിഷറുകൾ കാലാവധിക്കുള്ളിൽ റീഫിൽ ചെയ്യുന്നുണ്ടോ എന്ന് സംശയമുണ്ട് . അത് പരിശോധിക്കണമെന്നും KSEBOA പ്രതിനിധി അഭിപ്രായപ്പെട്ടു .

സേഫ്റ്റി ഇൻസ്പെക്ഷനുകൾ ഫീൽഡിൽ നടത്തി തന്നെയാണോ SMART സോഫ്റ്റ്‌വെയറിൽ റിപ്പോർട്ട് ചെയ്യുന്നത് എന്ന് ചില അംഗങ്ങൾ സംശയം പ്രകടിപ്പിച്ച സാഹചര്യത്തിൽ സേഫ്റ്റി ഓഫീസർമാരുടെയും ചീഫ് സേഫ്റ്റി ഓഫീസർ മാരുടെയും സേഫ്റ്റി ഇൻസ്പെക്ഷനുകളുടെ വിശ്വാസ്യത അതാത് മേഖലയിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ ഉറപ്പുവരുത്തണമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു . സേഫ്റ്റി പ്രൊസീജിയറിൽ തെറ്റുകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു . എന്നാൽ ഇതുവരെ ഉണ്ടായ അപകടങ്ങൾ എല്ലാം പരിശോധിക്കുമ്പോൾ , ലൈൻ ഓഫാക്കി എർത്ത് ചെയ്ത് ഷോർട്ട് ചെയ്ത് മാത്രം ജോലി ചെയ്യണമെന്ന് സേഫ്റ്റി പ്രൊസീജിയറിൽ പറഞ്ഞിട്ടുള്ള സുരക്ഷാ മുൻകരുതലുകൾ പാലിക്കാത്തതിനാലാണ് കൂടുതൽ അപകടങ്ങളും ഉണ്ടായിട്ടുള്ളതെന്ന് മനസ്സിലാക്കാൻ കഴിയുമെന്ന് ചീഫ് സേഫ്റ്റി കമ്മീഷണർ അഭിപ്രായപ്പെട്ടു .

കോവിഡ് പ്രതിസന്ധി കഴിയുമ്പോൾ സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ കൂടുന്നതാണെന്ന് സേഫ്റ്റി കമ്മീഷണർ അറിയിച്ചു . സുരക്ഷാവാരം എന്നത് സുരക്ഷാദിനമായി ചുരുക്കി ആചരിക്കുന്നതിനെക്കുറിച്ച് ഉന്നത തലത്തിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതാണ് . കോൺട്രാക്ടർ ലൈസൻസിന്റെ കാര്യത്തിൽ ഇടപെടാമെന്നും ചീഫ് സേഫ്റ്റി കമ്മീഷണർ അറിയിച്ചു . സ്ഥാനക്കയറ്റം കിട്ടിയ ജീവനക്കാർക്ക് ട്രെയിനിങ് ലഭ്യമാക്കുന്നതിന് വേണ്ടി സേഫ്റ്റി ഓഫീസർമാർ വഴി സെക്ഷൻതലത്തിൽ കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ് . ഫയർ എക്സ്റ്റിംഗ്വിഷറുകളുടെ കാലാവധിയുമായി ബന്ധപ്പെട്ട വിഷയം ട്രാൻസ്മിഷൻ , ജനറേഷൻ വിഭാഗങ്ങളുടെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ പരിശോധന നടത്തേണ്ടതാണ് എന്നും ചീഫ് സേഫ്റ്റി കമ്മീഷണർ നിർദ്ദേശിച്ചു .

ശ്രീ. അനന്തകൃഷ്ണൻ എം. ജി. (KSEBOF)

കോവിഡ് സാഹചര്യത്തിൽ ഓൺലൈന് ആയി സ്റ്റേറ്റ് ലെവൽ സേഫ്റ്റി മീറ്റിംഗ് സംഘടിപ്പിച്ചതിൽ സേഫ്റ്റി വിഭാഗത്തിനെ സംഘടന അഭിനന്ദിക്കുന്നതായിKSEBOF പ്രതിനിധി ശ്രീ. അനന്തകൃഷ്ണൻ എം. ജി. അഭിപ്രായപ്പെട്ടു . ഈ മീറ്റിംഗിന് കാലതാമസം ഉണ്ടായത് ഉചിതമല്ലയെന്നും ഇനിയുള്ള മീറ്റിങ്ങുകൾക്ക് ഇങ്ങനെ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും KSEBOF പ്രതിനിധി അഭിപ്രായപ്പെട്ടു .

അപകടങ്ങൾ കുറയ്ക്കുക എന്നതല്ല അപകടങ്ങൾ പൂജ്യം ആക്കുക എന്നതാവണം നമ്മുടെ ലക്ഷ്യം എന്ന് KSEBOF പ്രതിനിധി അഭിപ്രായപ്പെട്ടു . മെറ്റീരിയലുകളുടെ പ്രശ്നങ്ങൾ പോലെയുള്ള സിസ്റ്റത്തിന്റെ ന്യൂനതകൾ മൂലം പല അപകടങ്ങളും ഉണ്ടാകുന്നുണ്ട് . ഇത് ഒഴിവാക്കുവാൻ ബോർഡ് തലത്തിൽ നടപടിയെടുക്കണമെന്ന് KSEBOF പ്രതിനിധി അഭിപ്രായപ്പെട്ടു .

കെ.എസ്.ഇ.ബി.ലിമിറ്റഡിലെ മുഴുവൻ ജീവനക്കാർക്കും കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് ലഭ്യമാക്കുന്നതിന് ചീഫ് സേഫ്റ്റി കമ്മീഷണർ ഇടപെടണമെന്ന് KSEBOF പ്രതിനിധി അഭിപ്രായപ്പെട്ടു .

അപകടങ്ങൾ ഉണ്ടാകുമ്പോൾ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നത് ഒരു വ്യക്തിയെ ശിക്ഷിക്കുക എന്നതിലുപരി സിസ്റ്റത്തെ നന്നാക്കുക എന്ന ലക്ഷ്യത്തോടെയാകണമെന്നും പ്രതിനിധി അഭിപ്രായപ്പെട്ടു .

ശ്രീ. സുജിത്ത് .കെ.ജെ. (KEOC)

കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് എല്ലാ ജീവനക്കാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും , ഈ സാഹചര്യത്തിൽ റിസർവ് സ്റ്റാഫിനെ സജ്ജമാക്കണം എന്നും KEOC പ്രതിനിധി ശ്രീ. സുജിത്ത് .കെ.ജെ.അഭിപ്രായപ്പെട്ടു .

വർക്ക് സൈറ്റുകളിലേക്ക് പോസ്റ്റുകൾ കൊണ്ടുപോകുമ്പോൾ , അവ ഇറക്കുന്ന സമയത്ത് പോലും ഒടിഞ്ഞു പോകുന്ന ദുരവസ്ഥയാണ് ഉള്ളതെന്ന് ഫീൽഡിൽ നിന്നും റിപ്പോർട്ടുകൾ ലഭിക്കുന്നതായും ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നും KEOC പ്രതിനിധി അഭിപ്രായപ്പെട്ടു .

ഒരു സെക്ഷൻ ഓഫീസിൽ ഒരേസമയം പല HT ജോലികൾ ക്രമീകരിക്കേണ്ട സാഹചര്യമുണ്ടായാൽ അവിടെ വർക്ക് സൈറ്റുകളിൽ സബ് എൻജിനീയർമാരുടെ ലഭ്യതക്കുറവുണ്ടാകും . ഈ സാഹചര്യത്തിൽ കൂടുതൽ സ്ഥലങ്ങളിൽ HT വർക്കുകൾ ഉള്ളപ്പോൾ സൈറ്റിൽ ലൈനുകൾ ഓഫ് ചെയ്ത് എർത്ത് ചെയ്ത് സുരക്ഷിതമാക്കുന്നത് വരെയുള്ള നടപടികൾക്കുശേഷം ടി വർക്ക് സൈറ്റിൽ സൂപ്പർവൈസറായി ഓവർസിയറെ ചുമതലപ്പെടുത്താനുള്ള നിയമ പരിഷ്കാരം വരുത്തുന്നതിനെ കുറിച്ച് ആലോചിക്കണമെന്നും പ്രതിനിധി അഭിപ്രായപ്പെട്ടു .

ഓൺലൈൻ ക്ലാസ്സുകൾക്കിടയിൽ കുട്ടികൾക്കായി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതും , സോഷ്യൽ മീഡിയ വഴി സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതും ഫലപ്രദമാണെന്നും പ്രതിനിധി അഭിപ്രായപ്പെട്ടു .

തൃശ്ശൂർ അയ്യന്തോൾ സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ സന്തോഷ് കുമാർ ഗൂഗിൾ ഷീറ്റിൽ തയ്യാറാക്കിയ Single Line Diagram(SLD) ഓൺലൈനിൽ സ്ക്രീൻഷോട്ട് ആയി യോഗത്തിൽ പ്രദർശിപ്പിച്ചു . യോഗം ശ്രീ സന്തോഷ് കുമാറിനെ അഭിനന്ദിച്ചു . ഈ സംവിധാനത്തിന്റെ പ്രത്യേകതകളും മറ്റും സന്തോഷ് കുമാർ വിശദീകരിക്കാൻ ശ്രമിച്ചുവെങ്കിലും ഓൺലൈൻ നെറ്റ് വർക്കിന്റെ പരിമിതികൾ കാരണം അത് യോഗത്തിൽ വിശദീകരിക്കാൻ കഴിഞ്ഞില്ല . ഈ സാഹചര്യത്തിൽ ടി സംവിധാനത്തെക്കുറിച്ച് വിശദമാക്കുന്ന ഒരു വീഡിയോ തയ്യാറാക്കി സ്റ്റേറ്റ് level സേഫ്റ്റി മീറ്റിങ്ങിന് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുവാൻ ചീഫ് സേഫ്റ്റി കമ്മീഷണർ സന്തോഷ് കുമാറിനോട് നിർദ്ദേശിച്ചു .

യോഗ തീരുമാനങ്ങൾ

1. സേഫ്റ്റി ഇൻസ്പെക്ഷനുകൾ ഫീൽഡിൽ നടത്തിത്തന്നെയാണോ SMART സോഫ്റ്റ്‌വെയറിൽ റിപ്പോർട്ട് ചെയ്യുന്നതെന്ന് അതാത് മേഖലയിലെ ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ ഉറപ്പുവരുത്തണമെന്ന് തീരുമാനിച്ചു .
2. സേഫ്റ്റി കിറ്റുകൾ ഉപയോഗിക്കുന്നുണ്ടോയെന്നും സേഫ്റ്റി ഇൻസ്പെക്ഷനുകൾ നടത്തുമ്പോൾ ഓഫീസർമാർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ് .
3. സേഫ്റ്റി പ്രൊസീജിയറിൽ തെറ്റുകളുണ്ടെങ്കിൽ പരിശോധിച്ച് പരിഹരിക്കുന്നതിന് ഡിസ്ട്രിബ്യൂഷൻ കോർ കമ്മിറ്റിയെ ഉൾപ്പെടുത്തിയതിന്റെ തുടർനടപടികൾ കൈക്കൊള്ളുന്നതിന് ചീഫ് സേഫ്റ്റി കമ്മീഷണ റുടെ ഓഫീസിനെ ചുമതലപ്പെടുത്തി .
4. ഗൗതം എന്ന കമ്പനിയുടെ പോസ്റ്റുകളുടെ ഗുണനിലവാരക്കുറവ് സംബന്ധിച്ച വിഷയം SCM വിഭാഗം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനിച്ചു .
5. തൃശ്ശൂർ അയ്യന്തോൾ സെക്ഷനിലെ അസിസ്റ്റന്റ് എൻജിനീയർ ശ്രീ സന്തോഷ് കുമാർ ഗൂഗിൾ ഷീറ്റിൽ തയ്യാറാക്കിയ Single Line Diagram(SLD)-ന്റെ പ്രത്യേകതകൾ വിശദീകരിക്കുന്ന ഒരു വിഡിയോ തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സേഫ്റ്റി കമ്മിറ്റിയുടെ അംഗങ്ങൾക്കായുള്ള വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്യുവാൻ ശ്രീ സന്തോഷ് കുമാറിനോട് നിർദ്ദേശിച്ചു .
6. കോവിഡ് സാഹചര്യത്തിൽ സുരക്ഷാവാരം എന്നത് സുരക്ഷാദിനമായി ചുരുക്കി ആചരിക്കുന്നതിനെക്കുറിച്ച് ഉന്നത തലത്തിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതാണ് .
7. കോൺട്രാക്ടർ ലൈസൻസിന്റെ കാര്യത്തിൽ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതിന് തീരുമാനിച്ചു .
8. സ്ഥാനക്കയറ്റം കിട്ടിയ ജീവനക്കാർക്ക് ട്രെയിനിങ് ലഭ്യമാക്കുന്നതിന് വേണ്ടി സേഫ്റ്റി ഓഫീസർമാർ വഴി സെക്ഷൻ തലത്തിൽ കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു .
9. ട്രാൻസ്മിഷൻ , ജനറേഷൻ വിഭാഗങ്ങളിലുള്ള ഫയർ എക്സ്റ്റിംഗ്യൂഷറുകളുടെ കാലാവധിയുമായി ബന്ധപ്പെട്ട വിഷയം അതാത് ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർമാർ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് തീരുമാനിച്ചു .
10. സുരക്ഷയ്ക്ക് മാത്രമായി ഒരു യൂട്യൂബ് ചാനൽ ആരംഭിച്ച് , അപകടങ്ങൾ ഒഴിവാക്കുന്നതിനു സഹായിക്കുന്ന സുരക്ഷാ ടിപ്സുകൾ അടങ്ങിയ ലഘു വീഡിയോകൾ തയ്യാറാക്കി പ്രചരിപ്പിക്കുന്നതിന് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തി .

യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ചീഫ് സേഫ്റ്റി കമ്മീഷണർ നന്ദി അറിയിച്ചു .

ഉച്ചയ്ക്ക് 1 45 ന് മീറ്റിംഗ് അവസാനിച്ചു .

ചീഫ് സേഫ്റ്റി കമ്മീഷണർ